'ഇ-ഹെൽത്ത്' പദ്ധതി

9(706) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിക്ക് കേന്ദ്ര സഹായം പ്രഖ്യാപിച്ചിട്ട് വർഷങ്ങൾ എത്ര പിന്നിട്ടു; സംസ്ഥാനത്ത് കേന്ദ്ര സഹായം നേടിക്കൊണ്ട് പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിലുണ്ടായ കാലവിളംബത്തിന്റെ കാരണം വെളിപ്പെടുത്താമോ;

(ബി) ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) കേന്ദ്ര ഗവൺമെന്റ് സഹായമായി പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്ന തുക എത്ര; സംസ്ഥാനം വകയിരുത്തിയ തുകയിൽ എന്തെങ്കിലും ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എത്ര;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്?

ഉത്തരം

(എ) 26-2-2013-ലെ ഉത്തരവ് വഴിയാണ് പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചത്. ഇ-ഹെൽത്ത് പദ്ധതിക്കുള്ള കേന്ദ്രസഹായത്തിന്റെ ഒന്നാം ഗഡുവായ 43.34725 കോടി രൂപ 14-3-2013-ന് ലഭിച്ചു. ഈ പദ്ധതിയുടെ സോഫ്റ്റ്വെയർ നിർമ്മാണത്തിന് M/s Hewlett-Packard Enterprises India Pvt. Ltd.- മായി 1-10-2014-ന് കരാർ ഒപ്പുവച്ചു. സോഫ്റ്റ്വെയറിന്റെ അടിസ്ഥാന മോഡ്യൂളുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രാഥമികമായി തയ്യാറാക്കിയെങ്കിലും വൈവിദ്ധ്യവും സങ്കീർണ്ണതകൾ നിറഞ്ഞതുമായ 23 മോഡ്യൂളുകൾ ബന്ധപ്പെട്ട എല്ലാ യൂസർ ഗ്രൂപ്പുകളുമായി ചേർന്ന് പരിശോധനകൾ നടത്തി അവർ കണ്ടെത്തുന്ന പെരുതും വിവിധമായ പോരായ്മകൾ പരിഹരിച്ചതിനുശേഷമാണ് സോഫ്റ്റ്വെയർ ഇന്റഗ്രേഷൻ നടക്കേണ്ടത്. യൂസർ ഗ്രൂപ്പുകൾ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ പോരായ്മകൾ പ്രൈമറി സിസ്റ്റം ഇന്റഗ്രേറ്ററിൽ നിന്നും പരിഹരിച്ച് കിട്ടുന്നതിനുണ്ടായിട്ടുള്ള കാലതാമസമാണ് പദ്ധതിയുടെ നടത്തിപ്പിൽ നാല് മാസത്തെ കാലവിളംബം ഉണ്ടാക്കിയിട്ടുള്ളത്.

(ബി) സോഫ്റ്റ്വെയർ നിർമ്മാണത്തിന് M/s Hewlett-Packard Enterprises India Pvt. Ltd.-മായി കരാർ ഒപ്പുവച്ചു. ഏഴ് ജില്ലകളിൽ സർവ്വേ പൂർത്തിയാക്കി. പദ്ധതിയുടെ പൈലറ്റ് ഇംപ്ലിമെന്റേഷന് തിരുവനന്തപുരം ജില്ലയിലെ വിവിധ തരത്തിലുള്ള പതിമൂന്ന് സ്ഥാപനങ്ങൾ തെരഞ്ഞെടുത്തു. ആദ്യഘട്ടത്തിൽ പൈലറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇംപ്ലിമെന്റേഷൻ നടക്കുന്ന സ്ഥാപനങ്ങളിൽ നെറ്റ്‌വർക്ക് വയറിംഗ് കെൽട്രോൺ പൂർത്തീകരിച്ചു. ഹൈബർ ഒപ്റ്റിക് കണക്ഷൻ പ്രൈമറി ഹെൽത്ത് സെന്റർ വെള്ളിയിലേയ്ക്ക് 26-10-2015-ന് ബി.എസ്.എൻ.എൽ.-ന് വർക്ക് ഓർഡർ കൊടുത്തു. പ്രൈമറി ഹെൽത്ത് സെന്റർ വെള്ളിയിലെ ഹാർഡ്‌വെയറിനുവേണ്ടി 23-11-2015-ന് കെൽട്രോണിന് വർക്ക് ഓർഡർ നൽകി. മറ്റ് സ്ഥാപനങ്ങളിലെ ഹാർഡ്‌വെയറിന്റെ ഫെസിബിലിറ്റി പഠനം ടെക്നിക്കൽ കമ്മിറ്റി പൂർത്തിയാക്കി വർക്ക് ഓർഡർ തയ്യാറായി വരുന്നു. സോഫ്റ്റ്‌വെയറിന്റെ അക്കൗണ്ടിംഗ് ടെസ്റ്റിംഗ്, ഓഡിറ്റിംഗ്, സർട്ടിഫിക്കേഷൻ എന്നിവയിലേയ്ക്ക് സി-ഡിറ്റുമായും സെർട്ട്-കെയുമായും ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്. സോഫ്റ്റ്‌വെയർ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ സ്ഥാപനങ്ങളുമായി കരാർ ഒപ്പിടുന്നതിന് തീരുമാനമെടുത്തു.

(സി) കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നത് - 86.6945 കോടി രൂപ

സംസ്ഥാനത്തിൽനിന്ന് ലഭിക്കുന്നത് - 9.4259 കോടി രൂപ

ആകെ - 96.1204 കോടി രൂപ

ഇതിൽ കേന്ദ്രം 43.34 കോടി രൂപയും സംസ്ഥാനം 50 ലക്ഷം രൂപയുമാണ് ഇതുവരെ അനുവദിച്ചത്. മൊത്തമായി കൺസോളിഡേറ്റഡ് ഫണ്ട് എന്ന നിലയിലാണ് പദ്ധതി ചെലവ് നടത്തുന്നത്. ജനുവരി 2016 വരെ 5.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് M/s Hewlett-Packard Enterprises India Pvt. Ltd. (കരാർ ഒപ്പുവച്ചു.) ഫീൽഡ് സർവ്വേ കെൽട്രോണുമായി (കരാർ ഒപ്പുവച്ചിട്ടുണ്ട്) ഹാർഡ്‌വെയർ സപ്ലൈയ്ക്ക് കെൽട്രോണുമായി ധാരണയുണ്ടാക്കി (കരാർ ഒപ്പുവച്ചിട്ടില്ല). കേബിൾ കണക്ഷന് ബി.എസ്.എൻ.എൽ.-മായി ധാരണയുണ്ടാക്കി (കരാർ ഒപ്പുവച്ചിട്ടില്ല). അക്കൗണ്ടിംഗ് ടെസ്റ്റിംഗ്, ഓഡിറ്റിംഗ് എന്നിവയ്ക്കായി സി-ഡിറ്റുമായി ധാരണയുണ്ടാക്കി (കരാർ ഒപ്പുവച്ചിട്ടില്ല).

സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ കുറവ്

10(707) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രിസമയങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് സാധാരണക്കാരായ ആളുകൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly